# ആത്മചൈതന്യവുമായി നൂറ്റി മുപ്പത്തിഅഞ്ച് വർഷം

മലബാറിൽ മിഷണറി മാറും അവരെ പിന്തുടർന്ന് സർക്കാരിന്റെ സഹായത്തോടെ വിദ്യാഭാസ പ്രേമികളായ പൗരപ്രമുഖരം അവരവരുടെപ്രദേശങ്ങളിൽ നാട്ടു വിദ്യാലയങ്ങൾ സ്ഥാപിച്ചു.

കീഴൽ പ്രദേശത്ത് ഏതാണ്ട് 1889-90 കാലത്താണ് കൊയിലോത്ത് രാമൻ നമ്പ്യാരുടെയും (പുത്തൂർ ഗുരുക്കൾ ) പുതുശ്ശേരി ഗുരുക്കളുടെയും നേതൃത്ത്വത്തിൽ ഇന്നത്തെ അറത്തിക്കുനി പറമ്പിൽ ഒരു ഒറ്റമുറി ക്ലാസ് ആരംഭിച്ചു. ഇതായിരുന്നു കീഴൽ യു . പി സ്കൂളിന്റെ തുടക്കം. അന്ന് സ്ഥാപിച്ച 'പാറപ്പുറം ' 'എഴുത്ത് പള്ളി' പിന്നീട് പുതുശ്ശേരി പറമ്പിലും തുടർന്ന് ഇന്നുള്ള സ്ഥലത്തേക്ക് മാറ്റി സ്ഥാപിച്ചു. കൊയിലോത്ത് രാമൻനമ്പ്യാരിൽ നിന്നും പുതുശ്ശേരി ഗുരുക്കളും പിന്നീട് മൂലന്തോടി കൃഷ്ണകുറുപ്പും തുടർന്ന് അദ്ദേഹത്തിന്റെ മകൻ നാരായണകുറുപ്പും (1948ൽ ) വിദ്യാലയത്തിന്റെ മാനേജ്മെന്റ് ഏറ്റെടുത്തു . കീഴൽ യു പി സ്കൂളിന്റെ അദ്ധ്യാപകൻ കൂടിയായിരുന്ന ശ്രീ. എം നാരായണകുറുപ്പ് ദീർഘ കാലം സ്കൂളിന്റെ മാനേജർ ആയിരുന്നു .സ്കൂളിനുവേണ്ട ഭൗതിക സാഹചര്യങ്ങൾ ഒരുക്കിയത് അദ്ദേഹമായിരുന്നു . അദ്ദേഹത്തിന്റെ മരണശേഷം ഭാര്യയായ സി . പത്മാവതി അമ്മയാണ് മാനേജർ.

സരസ്വതി ക്ഷേത്രങ്ങൾ എന്ന് അറിയപ്പെടുന്ന വിദ്യാലയങ്ങൾ നവോത്ഥാനത്തിന്റെ പ്രേരകശക്തി കൂടിയാണ് .135 വർഷം പിന്നിടുന്ന ഈ വിദ്യാലയവും നമ്മുടെ പ്രദേശത്ത് നവോഥാനത്തിന്റ പ്രേരകശക്തിയായി തന്നെ പ്രവർത്തിച്ചുവരുന്നു . വിദ്യാഭ്യാസ പ്രവർത്തങ്ങളോടൊപ്പം നവോഥാന പ്രവർത്തനങ്ങൾ ഏറ്റെടുക്കാൻ മുന്നോട്ടു വന്ന ഏതാനും അധ്യാപകരും സ്കൂളിന് അഭിമാനകരമായ പദവി നേടികൊടുത്തിട്ടുണ്ട് . ഏതാണ്ട് ഒരു നൂറ്റാണ്ട് കാലത്തെ പരിണാമദശയിൽ ചരിത്രപരമായ കടമനിർവ്വഹിക്കാൻ നമ്മുടെ വിദ്യാലയം മടി കാട്ടിയിട്ടില്ല .

സ്കൂളിന്റെ സ്ഥാപനകാലത്തും അതിന് ശേഷവും പ്രമുഖരായ പല അദ്ധ്യാപകരും ഇവിടെ ജോലി ചെയ്തിട്ടുണ്ട് . തുടക്കത്തിൽ പുത്തുർ ഗുരുനാഥൻ എന്നറിയപ്പെട്ട രാമൻ നമ്പ്യാർ , പുതുശേരി ഗുരുനാഥൻ , കോമുള്ളി ചാത്തുനായർ , കുഞ്ഞിക്ക്യഷ്ണക്കുറുപ്പ് , രാമൻനമ്പ്യാർ , എം ശങ്കര കുറുപ്പ് , മങ്ങാട്ട് കോരൻ ഗുരുക്കൾ , മണങ്ങാട്ട് നാരായണൻ അടിയോടി , കൊടത്തയിൽ ഗോപാലക്കുറുപ്പ് , കെ എം രാമൻ പണിക്കർ , മാധവി ടീച്ചർ , കല്യാണി ടീച്ചർ , കെ മാധവിഅമ്മ , പി കല്യാണി , വി കെ ജാനകിടീച്ചർ എന്നിവർ പലകാലങ്ങളിലായി ജോലി ചെയ്തിട്ടുണ്ട് .

1958 വരെ ഈ വിദ്യാലയം വരെ മാത്രം കീഴൽ ഹിന്ദു ബോയ്സ് എലിമെന്ററി സ്കൂൾ എന്നാണ് അറിയപ്പെട്ടിരുന്നത് . അത് അഞ്ചാം തരം വരയേ ഉണ്ടായിരുന്നുള്ളു . കേരള സംസ്ഥാന രൂപീകരണത്തോടെ എലിമെന്ററി സ്ക്കൂൾ ലോവർ പ്രൈമറി സ്കൂളുകളായും , ഏഴാം തരം വരെയുള്ളവ അപ്പർ പ്രൈമറി യായും മാറ്റിയപ്പോൾ ഈ വിദ്യാലയം ആദ്യം കീഴൽ എൽ പി യും പിന്നീട് 1958 ജൂലായ് മുതൽ കീഴൽ യു പി യായും മാറി .

1940ന് ശേഷമുള്ള കാലത്താണ് ഇന്ന് നമ്മുടെയെല്ലാം ഓർമയിലുള്ള ടി.എ ച്ച്. രാമക്കുറുപ്പ് , കെ.ടി . കൃഷ്ണൻ നായർ , ആറോത്ത് കോമക്കുറുപ്പ് , പുത്തുർ ബാലകൃഷ്ണക്കുറുപ്പ് , എം നാരായണക്കുറുപ്പ് , അന്ത കുറുപ്പ് , ഗോപാലക്കുറുപ്പ് , ഇ.കെ കാർത്ത്യാനി അമ്മ , എന്നിവർ സ്കൂളിൽ അദ്ധ്യാപകരായി എത്തുന്നത് .യു .പി ആയി ഉയർത്തിയ ശേഷം അതേവരെ ഹെഡ്മാസ്റ്ററായിരുന്ന നാരായണക്കുറുപ്പ് കെ.ടി കൃഷ്ണൻ നായരെ പ്രധാനാദ്ധ്യാപകനായി നിയമിച്ചു . മന്ദത്തിൽ ബാലകുറുപ്പ് , എം സരോജിനി , ടി എം രാധാകൃഷ്ണവാര്യർ ,എൻ .ടി ചാണ്ടി ,വി .കെ ജാനകിടീച്ചർ , എം മല്ലികടീച്ചർ എന്നിവർ അദ്ധ്യാപകരായി ചേരുന്നത് അതിനു ശേഷമാണ് .

1970ന് ശേഷം ലീലടീച്ചറും ,1974ൽ എൻ ബാലകൃഷ്ണൻ മാസ്റ്ററും തുടർന്ന് കെ ടി സൗദാമിനി , പി. ബാലൻനായർ , കെ.കെ ചന്ദ്രൻ , കെ.പി. വിജയൻ ,ടി.കെ. ശാന്ത , കെ. സേതു ,ടി. ഗിരിജ, ഗീതാഭായ് , കെ.എസ് ജയന്തി , ടി.പി .ലത , വി സി.കെ. നസീമ , എം വി.പ്രഭാവതി , കെ.വി. സത്യൻ , പ്രവീൺ , പി. അനുപമ, സീമ എം രമേശൻ , കെ.ശ്രീജൻ എന്നിവരും അദ്ധ്യാപകരായി വ്യത്യസ്ത കാലങ്ങളിൽ ചേരുന്നു .

സംഭവ ബഹുലമായ 20-)o നൂറ്റാണ്ട് നേരിൽകണ്ടറിഞ്ഞവരും ചരിത്രത്തോടൊപ്പം സഞ്ചരിച്ചവരും അതിന് സാക്ഷികളായവരുമായ ആ കാലഘട്ടത്തിലെ പ്രമുഖരായ അദ്ധ്യാപകരെ പ്രത്യകം സ്മരിക്കേണ്ടതുണ്ട് .

സ്വന്തം പേരിലുള്ള ഇനീഷ്യ ലിലൂടെ നമ്മുടെ പ്രദേശത്ത് അറിയപ്പെട്ടിരുന്നു .ടി.എച്ചും കെ.ടിയും സ്കൂളിന്റെ അറിയപ്പെടുന്ന സാരഥികളായിരുന്നു .

തുച്ഛമായ വേദനവും ആശങ്കയുയർത്തുന്ന സേവനവ്യവസ്ഥകളും മാത്രമുണ്ടായിരുന്ന കാലത്തും ത്യഗസന്നദ്ധതയോടെ പ്രവർത്തിച്ചുവരുന്ന ഒരു വിഭാഗം അദ്ധ്യാപകരായിരുന്നു ഇന്ന് നാം കാണുന്ന വിദ്യാഭ്യാസ പുരോഗതിയുടെ ആണിക്കല്ല് . സംഭവ ബഹുലയമായ സമരങ്ങൾ പലതും ഈ കാലത്ത് നടക്കുകയുണ്ടായി .

ബ്രിട്ടീഷ് ഭരണത്തിന് എതിരെ ദേശ വ്യാപകമായി ഉയർന്നു വന്ന സമരമനോഭാവത്തെ വളർത്തി എടുക്കാനും അതിനു നേതൃത്ത്വപരമായ പങ്ക് നിർവഹിക്കാനും ഇവിടുത്തെ അദ്ധ്യാപകർ ശ്രമിച്ചിട്ടുണ്ട് .

അയിത്തോച്ചാടനത്തിനെതിരെ ഇന്ത്യൻ നാഷണൽ കോൺഗ്രസ്സും കോൺഗ്രസിലെ സോഷ്യലിസ്റ്റ്കളും ചേർന്ന് നടത്തിയ ക്ഷേത്ര പ്രവേശന സമരം കീഴൽ പ്രദേശത്ത് ശക്തമായിരുന്നു. കാട്ടുമാടം നമ്പൂതിരിപ്പാടിന്റെ കുടിയാൻ മാരായിരുന്നു ഇവിടുത്തെ ഭൂരിപക്ഷം കൃഷിക്കാരും . കീഴൽ ശിവക്ഷേത്രത്തിൽ ഹരിജനങ്ങളോടൊപ്പം ക്ഷേത്രകുളത്തിൽ കുളിച്ചത്തിനും മേമുണ്ട മഠം ക്ഷേത്രത്തിൽ അയിത്ത ജാതിക്കാരോടോപ്പം പ്രവേശിച്ചതിനും ടി എച്ച് രാമക്കുറുപ്പ് ,പുത്തൂർ ബാലകൃഷ്ണ കുറുപ്പ് മാന്തോത്ത് ചാത്തു (സ)പ്പ് ,കെ എം രാമൻ മാസ്റ്റർ മരുതിയാട്ട് ചാത്തു , മരുതിയാട്ട് രാമൻ എന്നിവർ അറസ്റ്റ് ചെയ്യപ്പെട്ടു . ഇവരെയും മറ്റ് പ്രവത്തകരുടെയും പേരിൽ അന്ന് ഇവിടെങ്ങളിൽ വന്ന പോലീസ് ശക്തമായ മർദ്ദനം തന്നെ അഴിച്ചു വിട്ടിരുന്നു . പോലീസ് മർദ്ദന മുറകൾ അദ്ധ്യാപകർക്ക് ജനങ്ങളുടെ സഹാനുഭൂതി ലഭിക്കാൻ ഇടയാക്കി . ടി എച്ചും മറ്റും അന്ന് അറസ്റ്റ് ചെയ്യപ്പെട്ടു .

ഇതേപോലെ ബ്രിട്ടീഷ് വിദ്യാഭ്യാസവകുപ്പ് ഉദ്യോഗസ്ഥർക്കും സർക്കാറിനും എതിരായി നടന്ന "ശനിയൻ സഭ " സമരവും ഏറെ പ്രസിദ്ധമായിരുന്നു .ഓരോ പ്രദേശത്തും അദ്ധ്യാപകരെ പങ്കെടുപ്പിച്ച് മാസത്തിലെ മൂന്നാം ശനിയാഴ്ച നടത്തിയിരുന്ന ഗുരുജന സമാജത്തെയാണ് "ശനിയൻ സഭ "എന്ന് അദ്ധ്യാപകർ വിളിച്ചിരുന്നത്. കീഴൽ സ്കൂൾ ഇതിൽ ഒരു പ്രധാന സമര കേന്ദ്രമായിരുന്നു. ശനിയൻ സഭ ബഹിഷ്കരിക്കാൻ ആവശ്യപ്പെട്ട് പിക്കറ്റ് ചെയ്ത അദ്ധ്യാപകരെ തൂക്കി എടുത്ത് വെളിയിലേക്ക് എറിഞ്ഞു. ഏതാനും ചിലരെ അറസ്റ്റ് ചെയ്തു. താലൂക്കിലെ 144 അദ്ധ്യാപകരുടെ സർട്ടിഫിക്കറ്റുകൾ സമരം കാരണമായി റദ്ദാക്കപ്പെട്ടു. സമര ഭടൻമാർക്ക് പിന്നീട് പല മാനേജർ മാരും ജോലി നിഷേധിച്ചു. കീഴൽ ദേവി വിലാസം സ്കൂളിലെ ഒതയോത്ത് ഗോപാലകുറുപ്പിന്റെ നേതൃത്വത്തിൽ കീഴൽ യു പി യിൽ വെച്ച് നടന്ന സമരം പഴമക്കാർ ഇന്നും ഓർമ്മിക്കുന്നു.

സമരഭടനായ അദ്ദേഹത്തിന് ഒരു വിദ്യാലയവും തുടർച്ചയായി ജോലി നൽകിയില്ല. പതിനൊന്ന് സ്കൂളുകളിൽ മാറി മാറി ജോലി ചെയ്ത ആദ്ദേഹം പെൻഷൻ പറ്റിയത് മേപ്പയിൽ എസ് ബി സ്കൂളിൽ നിന്നായിരുന്നു .

ഇതേ പോലെ മലബാർ എയ്ഡഡ് ടീച്ചേഴ്സ് യൂണിയൻ സാമ്രാജ്യത്വത്തിനെതിരെ നടത്തിയ അദ്ധ്യാപകസമരത്തിൽ പങ്കെടുത്ത് ശ്രീ കെ.ടി. കൃഷ്ണൻനായർ അറസ്റ്റുവരിച്ചു . ജയിൽവാസമനുഷ്ഠിച്ചു . പിന്നീട് അദ്ദഹത്തിന് താമ്രപത്രം നൽകി ബഹുമാനിച്ചു . നാല് മാസം ജയിൽവാസം അനുഷ്ടിച്ചതിനാൽ അദ്ദേഹത്തിന് സ്വതന്ത്രസമര പെൻഷനും ലഭിച്ചിരുന്നു . കീഴൽ സ്കൂളിനെ യു പി സ്കൂളായി ഉയർത്താൻ പരിശ്രമിച്ച കെ.ടി 1958 മുതൽ 1974 വരെ ഇവിടെപ്രധാനാദ്ധ്യാപകനായിരുന്നു

ഗാന്ധിജിയുടെ ആഹ്വാനപ്രകാരം ദേശീയ സമരത്തിന്റെ ഭാഗമായി രാഷ്ട്രഭാഷ പ്രചരണം നടന്നപ്പോൾ കീഴൽ പ്രദേശത്തും ഇതിനായി പ്രത്യേകം സായാഹ്ന ക്ലാസുകൾ നടത്തി . കീഴൽ സ്കൂളിൽ വൈകുന്നേരം അദ്ധ്യാപകർക്കും പൊതുജനങ്ങൾക്കും വേണ്ടി ക്ലാസുകൾ നടത്തിയതു പണിക്കോട്ടിയിലെ ശ്രീ .വി.കെ. കുട്ടിമാസ്റ്ററായിരുന്നു .

20-)o നൂറ്റാണ്ടിന് സാക്ഷ്യം വഹിച്ചും, ചരിത്രത്തിന്റെ ഏടുകൾ ഓരോന്നായി മറിച്ചു കടന്നുപോയ ഈ വിദ്യാലയം അയിത്തോച്ചാടന പ്രസ്ഥാനത്തിലും,സാമ്രാജ്യത്വത്തനെതിരെ അദ്ധ്യാപകർ നടത്തിയ സമരത്തിലും ബ്രിട്ടീഷ് സർക്കാരിന്റെ വിദ്യാഭ്യാസ അവകാശ നിഷേധത്തിനെതിരെ അദ്ധ്യാപകർ നടത്തിയ "ശനിയൻ സഭ "ബഹിഷ്കരണ സമരത്തിലും സർവ്വോപരി രാഷ്ട്രഭാഷാ പ്രചരണ പ്രസ്ഥാനങ്ങളിലും സജീവമായി പങ്കെടുത്തു .

ചരിത്രത്തോടൊപ്പം സഞ്ചരിച്ചവരും ചരിത്രം രചിക്കുന്നതിൽ പങ്കെടുത്തവരുമായ ഇവിടുത്തെ അദ്ധ്യാപകരിൽ ചിലരെങ്കിലും എക്കാലത്തും ജഹ്യദയങ്ങളിൽ സ്ഥാനം പിടിച്ചിരിക്കും .

അദ്ധ്യാപകരും , പ്രധാനാദ്ധ്യാപകരും , അദ്ധ്യാപകേതരജീവനക്കാരുമായി അഞ്ച് പ്രമുഖ വ്യക്തികളുടെ അകാല ദേഹവിയോഗം വിദ്യാലയത്തിനേല്പിച്ച ആഘാതം വലുതായിരുന്നു .

വിദ്യാലയത്തിന്റെ ഭൗതിക പുരോഗതിക്കായി യത്നിച്ച ഗോപാലക്കുറുപ്പും , ജനഹൃദയങ്ങളിൽ സ്ഥാനം പിടിച്ച മന്ദത്തിൽ ബാലകുറുപ്പും പെൻഷൻ പറ്റാൻ ദിവസം

മാത്രംബാക്കിനിൽക്കെ ഏവരെയും കണ്ണീരിലാഴ്ത്തി കടന്നുപോയ പി .ബാലൻ നായരും മിതഭാഷിയെങ്കിലും ആത്മാർത്ഥയോടെ പ്രവർത്തനരംഗത്തുണ്ടായിരുന്ന എം. കുഞ്ഞപ്പക്കുറുപ്പും ഏവർക്കും പ്രിയങ്കരനായിരുന്ന എം.കുഞ്ഞിരാമക്കുറുപ്പ് ഇവരോരോരുത്തരുടേയും നിര്യാണം സ്കൂളിനെ സംബന്ധിച്ചിടത്തോളം വേദനാജനകമാണ് .

കർഷക തൊഴിലാളികളുടെയും ചെറുകിടജോലിക്കാരുടെയും കുട്ടികൾ ഭൂരിപക്ഷമുള്ള ഈ വിദ്യാലയം കുട്ടികളുടെ സമ്പാദ്യ പദ്ധതിയിൽ ഏറെ ഉന്നതമായ വിജയം കൈവരിച്ചിട്ടുണ്ട് . ഇതിന്റെ സുസ്ഥിരമായ പ്രവർത്തനത്തിന് തുടക്കത്തിലേ പ്രയത്നിച്ച ശ്രീമതി. കാർത്യാനി ടീച്ചറും , ശ്രീമതി. ലീലടീച്ചറും പ്രത്യേകം അഭിനന്ദനം അർഹിക്കുന്നു .

പഠനത്തിലും മറ്റു രംഗങ്ങളിലും ഉപജില്ലയിൽ മികച്ച പ്രകടനം കാഴ്ചവെക്കാൻ വിദ്യാലയത്തിന് സാധിച്ചിട്ടുണ്ട് . വിദ്യാലയത്തിൽ സേവനത്തിലിരുന്ന അദ്ധ്യാപകരായ കാർത്യായനി , ടി.കെ.ലീല , കെ.ടി സൗദാമിനി ,മല്ലിക, ശാന്ത , കെ.സേതു , എം.വി. പ്രഭാവതി ,കെ.പി. വിജയൻ (ഹെഡ്മാസ്റ്റർ ),കെ. ഗീതാഭായ് , നസീമ വി.സി കെ.ടി.ഗിരിജ (ഹെഡ്മിസ്ട്രെസ് ) സി.പത്മസുന്ദരൻ (O A) ,ടി.പി ലത , സത്യൻ കെ.വി അവരുടെ മികച്ച സേവങ്ങൾക്ക് ശേഷം ഐശ്വര്യപൂർണ്ണമായ വിശ്രമജീവിതം നയിക്കുന്നു . 2016ൽ അതുവരെ സ്കൂൾ മാനേജർ ആയിരുന്ന സി. പത്മാവതിഅമ്മയിൽ നിന്നും ആ സ്ഥാനം എരഞ്ഞോളികണ്ടി സാബിറ ഏറ്റെടുത്തു . ഓഫീസ് അസിസ്റ്റന്റ് ഉൾപ്പടെ ഇരുപത്തി ഒൻപതോളം അദ്ധ്യാപകർ ജോലി ചെയുന്ന കീഴൽ യു .പി സ്കൂളിനെ എല്ലാ രീതിയിലും അതിന്റെ ഉന്നതിയിൽ എത്തിക്കാൻ കഴിഞ്ഞു . മുൻപ് 9 ക്ലാസ് റൂമുകൾ മാത്രമുള്ളത് 20 ക്ലാസ് റൂമുകളാക്കി ഉയർത്തുകയും 250 കുട്ടികളിൽ നിന്നും 600 കുട്ടികളിലേക്ക് അത് വർധിക്കുകയും ചെയ്തു ഡിജിറ്റൽ സൗകര്യത്തോടെയുള്ള ക്ലാസ് റൂമുകളോടുകൂടിയാണ് ഇപ്പോൾ പ്രവർത്തിച്ചുവരുന്നത് . ശുദ്ധീകരിച്ച കുടിവെള്ള സൗകര്യം , വാഹന സൗകര്യം , മെച്ചപ്പെട്ട ലൈബ്രറി എന്നിവ സ്കൂളിന്റെ ഭാഗമായിട്ടുണ്ട്. 31-3-2025ൽ ഹെഡ്മിസ്ട്രസ് ആയിരുന്ന കെ. എസ് ജയന്തി ടീച്ചർ വിരമിച്ചു. സൗമ്യ എം .വി ആണ് ഇപ്പോഴത്തെ ഹെഡ്മിസ്ട്രസ്.

# അഴകുള്ള വായന 2025 ഒന്നാതരം കീഴൽ യു പി സ്കൂൾ

**ആമുഖം**

ഗുണമേന്മയുള്ള വായനക്കാരായി ഭാഷാ പഠനത്തിലെ മികവുറ്റ തെളിവുകളായി മാറ്റുക എന്നുള്ളതാണ് ലക്ഷ്യം. സ്വതന്ത്രമായ വായന ശേഷിയാണ് വിഭാവനം ചെയ്യുന്നത്. നിലവിൽ എല്ലാകുട്ടികളും ഒരേ നിലവാരത്തിലുള്ളവരല്ല. ക്ലാസ്സിൽ അഞ്ചുശതമാനത്തോളം പേർക്ക് സഹായത്തോടെ മാത്രമാണ് വായിക്കുവാൻ സാധിക്കുന്നത്. ഇവരെയും ഉയർന്ന വായനക്കാരായി മാറ്റേണ്ടതുണ്ട് . അതിനായുള്ള പ്രവർത്തന പദ്ധതിയാണ് ചുവടെ

**പദ്ധതി ലക്ഷ്യം**

ക്ലാസ്സിലെ മുഴുവൻ കുട്ടികളെയും ലഘു ബാല സാഹിത്യങ്ങൾ വായിച്ച് അനുഭവങ്ങൾ പങ്കിടാൻ പ്രാപ്തരാക്കുക.

**പ്രവർത്തങ്ങൾ**

1. കുട്ടികളുടെ നിലവിലെ സ്ഥിതി തിരിച്ചറിയൽ

ഏതൊക്കെ കുട്ടികൾക്ക് വായന പിന്നോക്കാവസ്ഥയുണ്ടെന്നു തിച്ചറിയാൻ വേണ്ടി സമാനമായ വായനക്കാർഡുകൾ നൽകുകയും വായിപ്പിക്കുകയും ചെയ്യുന്നു.

2. ഒരു വായന സാമഗ്രി ക്ലാസ്സിൽ പ്രോസസ്സ് ചെയ്യുന്നു.
3. രക്ഷിതാക്കൾക്ക് വായനാനുഭവം ക്ലാസ് പി ടി എ യിൽ.
4. പുസ്തക ശേഖരണം.
5. വായന കമ്പം സൃഷ്ടിക്കൽ .
6. വായന അനുഭവം പങ്കിടൽ ട്രയൗട്ട്

ക്ലാസ് ഗ്രൂപ്പ് വാട്സ്  ആപ്പ് ഓഡിയോ വഴി

7. പിന്തുണ പ്രവർത്തങ്ങൾ

വായനയിൽ പിന്നോക്കം നിൽക്കുന്നവരെ പൂർണ്ണമായി സജ്ജീകരിക്കൽ .

8. വായനാനുഭവം പങ്കിടൽ ക്ലാസ് തലം .
9. അസ്സംബ്ലിയിൽ പ്രകടന അവസരം.
10. ഓരോ കുട്ടികളുടെയും പ്രകടനം ഡിജിറ്റൽ പോർട്ട് ഫോളിയോ ആയി മാറ്റുന്നു.

ക്ലാസ്ഗ്രൂപ്പിൽ പ്രദർശിപ്പിക്കുന്നു.

**സെക്കന്റ് സ്റ്റാൻഡേർഡ്**

**<u>വിദ്യാലയത്തിൽ പ്രതീക്ഷിക്കുന്ന മാറ്റം</u>**

1. രക്ഷിതാക്കളുടെ സഹായത്തോടു കൂടി കുട്ടികൾ സംയുക്ത ഡയറി എഴുത്ത് തുടരുകയും കുട്ടികൾ സ്വതന്ത്ര ഡയറി എഴുത്ത് തുടരുകയും ചെയ്യും ചെയ്യും.
2 .കുട്ടികൾ സ്വയം പ്രവർത്തങ്ങളിൽ ഏർപ്പെട്ടു കൊണ്ട് അറിവ് നിർമ്മാണം പ്രക്രിയയിലൂടെ പഠന  നേട്ടങ്ങൾ കൈവരിക്കുന്നു.
3 . സംഖ്യാ ബന്ധങ്ങൾ , സംഖ്യാ വ്യാഖ്യാനം ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കുന്ന രീതി വിശദീകരിക്കുന്നു.

**മലയാളം Std III**

**ലക്ഷ്യം**

മലയാളം എഴുതാനും വായിക്കാനുമുള്ള ശേഷി ആർജ്ജിക്കൽ.

**പ്രവർത്തനം**

മലയാള ഭാഷ വായിക്കാനും എഴുതാനുമുള്ള ശേഷി ആർജിക്കുന്നത് നിരന്തരമായ ഭാഷാ പ്രയോഗത്തിലൂടെയാണ്. അതിനു വേണ്ട ധാരാളം അവസരങ്ങൾ കുട്ടികൾക്ക് നൽകേണ്ടതുണ്ട്, തെറ്റില്ലാതെ മലയാളം എഴുതാൻ അവസരമുണ്ടാക്കി , വീട്ടിലും സ്കൂളിലും നടത്തുന്ന പ്രവർത്തങ്ങൾ ഡയറിയായി എഴുതി വരാൻ പറയുകയും, അതിലുള്ള ചെറിയ പോരായ്മകൾ തിരുത്തി കൊടുക്കുകയും ചെയ്യുന്നു.

കുട്ടികളുടെ നിലവാരത്തിനനുസരിച്ചുള്ള പുസ്തകങ്ങൾ ശേഖരിച്ച് ക്ലാസ്സിൽ വായനാമൂല ഉണ്ടാക്കി വായിക്കാനുള്ള അവസരങ്ങൾ ഉണ്ടാക്കി കൊടുക്കുക. ഒരു വർഷം മുഴുവൻ നീണ്ട് നിൽക്കുന്ന ഇത്തരം പ്രവർത്തങ്ങൾ കൊണ്ട് കുട്ടിയുടെ വായനാ ശേഷിയും എഴുതാനുള്ള ശേഷിയും ആർജ്ജിച്ചെടുക്കാൻ കഴിയും.

**ENGLISH std III**

**ലക്ഷ്യം**

ഇംഗ്ലീഷ് വായിക്കാനും എഴുതാനുമുള്ള ശേഷി ആർജ്ജിക്കൽ

**പ്രവർത്തനം**

ഇംഗ്ലീഷ് വായിക്കാനുള്ള അവസരങ്ങൾ ഉണ്ടാക്കി കൊടുക്കുക. ക്ലാസ്സിൽ ഇംഗ്ലീഷ് മൂല എന്നൊരു കോർണർ ഉണ്ടാക്കി ധാരാളം ചെറിയ ഇംഗ്ലീഷ് കഥാ പുസ്തകങ്ങൾ വെക്കുക. അതിന് ഒരു കുട്ടിയെ ചുമതലപ്പുടുത്തി വായനാ മത്സരങ്ങൾ സംഘടിപ്പിക്കുക. വായനയിൽ മികവ് പുലർത്തുന്ന കുട്ടിക്ക് സമ്മാനങ്ങൾ നൽകി അവരെ പ്രോത്സാഹിപ്പിക്കുക.

എഴുത്ത് മത്സരങ്ങൾ സംഘടിപ്പിച്ച് ക്ലാസ്സിൽ ധാരാളം സെൻ്റൻസ് കാണാതെ എഴുതുന്ന കുട്ടികൾക്ക് സമ്മാനങ്ങൾ നൽകി എല്ലാവരെയും കൂട്ടായ പ്രവർത്തനത്തിൽ ഉൾപ്പെടുത്താൻ ശ്രമിക്കുന്ന പ്രവർത്തനം നടത്തുന്നു.

**ഗണിതം Std III**

**<u>പ്രവർത്തങ്ങൾ</u>**

1. ജ്യാമിതീയ രൂപങ്ങൾ തിരിച്ചറിയൽ

(ചതുരം ,വൃത്തം , ത്രികോണം എന്നീ രൂപങ്ങൾ ചേർത്തു വെച്ച് ഇഷ്ടമുള്ള രൂപങ്ങൾ നിർമ്മിക്കുന്നു )

2. അബാക്കസ് നിർമ്മാണം

3. ഗണിത പസിലുകൾ , പാറ്റേണുകൾ തയ്യാറാക്കൽ

4. ഒറിഗാമി രൂപങ്ങളുടെ നിർമ്മാണം - പ്രദർശനം

**പരിസര പഠനം Std III**

**<u>പ്രവർത്തങ്ങൾ</u>**

1 .റോൾ പ്ലേ- റോഡ് നിയമങ്ങൾ

2. വ്യത്യസ്തതരം വീടുകൾ ,ആൽബം തയ്യാറാക്കൽ

3. വീട് നിർമ്മാണ ഇടം സന്ദർശനം

4. എന്റെ കേരളം - ചിത്ര രചന , ചോദ്യോത്തര പയറ്റ്

5. ചെടികൾ നിരീക്ഷണം (വ്യത്യസ്തതരം സസ്യങ്ങൾ ,പൂക്കൾ എന്നിവ തിരിച്ചറിയുന്നു )

# ACADEMIC MASTER PLAN

**ENGLISH Std:IV**

**ലക്ഷ്യം**

ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും സംസാരിക്കാനും എഴുതുവാനുമുള്ള ശേഷി മെച്ചപ്പെടുത്തൽ.

**പ്രവർത്തനം**

ഇംഗ്ലീഷ് അസ്സംബ്ലി സംഘടിപ്പിക്കുക. പൂർണ്ണമായും കുട്ടികളുടെ നിയന്ത്രണത്തിൽ അസ്സംബ്ലികൾ നിയന്ത്രിക്കുക.

കാലം : വർഷം മുഴുവൻ

ചുമതല : ക്ലാസ് ടീച്ചർ

ലക്ഷ്യം : തെറ്റില്ലാതെ ഇംഗ്ലീഷ് എഴുതാനുള്ള ശേഷി നേടൽ

പ്രവർത്തനം : നിത്യവും വീട്ടിലും സ്കൂളിലും നടക്കുന്ന പ്രവർത്തങ്ങൾ ഇംഗ്ലീഷ് ഡയറി കുറിപ്പായി എഴുതുക.

കാലം : ആഴ്ചയിൽ മൂന്നുദിവസം വർഷം മുഴുവൻ

ചുമതല : ക്ലാസ് ടീച്ചർ

**ഇംഗ്ലീഷ് തിയേറ്റർ**

ലക്ഷ്യം : സർഗ്ഗാത്മകതാ പരിപോഷണം

പ്രവർത്തനം : ഇംഗ്ലീഷ് പാഠഭാഗങ്ങളെ വ്യവഹാര രൂപങ്ങളാക്കി അവതരിരിപ്പിക്കൽ (Skit, Drama, Conversation,Story telling)

കാലം : മാസത്തിലൊന്ന്

ചുമതല : ക്ലാസ് ടീച്ചർ

സാമ്പത്തികം : PTA ഫണ്ട്

## <u>ഇംഗ്ലീഷ് മാഗസിൻ</u>

ലക്ഷ്യം : സർഗ്ഗാത്മകത രചനാശേഷി പരിപോഷോപ്പിക്കൽ

പ്രവർത്തനം : മൂന്നു മാസം കൂടുമ്പോൾ കുട്ടികളുടെ രചനകൾ ഉപ്പെടുത്തി കൊണ്ട് മാഗസിൻ നിർമ്മിക്കുക.മാഗസിൻ പ്രകാശന ചടങ്ങ് നടത്തുക .

കാലം : മൂന്നുമാസത്തിലൊരിക്കൽ

ചുമതല : HM , ക്ലാസ് ടീച്ചർ

ലക്ഷ്യം : ഇംഗ്ലീഷ് ഭാഷയിലുള്ള രചനാ മികവ്

പ്രവർത്തനം : ദിനാചരണങ്ങൾ, സ്കൂളിലെ വിശേഷദിവസങ്ങൾ എന്നീ സന്ദർഭങ്ങളിൽ സുഹൃത്തുക്കളുമായി കത്തിടപാട് നടത്തുക .

കാലം :മാസത്തിലൊന്ന്

ചുമതല : ക്ലാസ് ടീച്ചർ

സാമ്പത്തികം : PTA

## <u>ഇംഗ്ലീഷ് കോർണർ</u>

ലക്ഷ്യം : വായനാ പരിപോഷണം

പ്രവർത്തനം : കുട്ടികളുടെ നിലവാരത്തിനനുസരിച്ചുള്ള പുസ്തകങ്ങൾ ഉൾക്കൊള്ളിച്ച് വായനാ മൂലയൊരുക്കൾ ,വായനാ മേളയൊരുക്കൾ, വായനാ മത്സരങ്ങൾ സംഘടിപ്പിക്കൽ, വായനാ കുറിപ്പ് ,പുസ്തകപരിചയം എന്നീ പ്രവർത്തങ്ങൾ നടത്തൽ .

കാലം : രണ്ടാഴ്ചയിൽ ഒന്ന്

ചുമതല : ക്ലാസ് ടീച്ചർ

സാമ്പത്തികം : PTA , രക്ഷിതാക്കൾ , അദ്ധ്യാപകർ

# അക്കാഡമിക മാസ്റ്റർ പ്ലാൻ -2025

## പരിസരപഠനം IV

### പ്രവർത്തനം :1

### പ്രകൃതി നടത്തം

ലക്ഷ്യം : നിരീക്ഷണം , അറിവ് നിർമ്മാണം പാഠഭാഗവുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പുകൾ നടത്തുന്നു.

കാലയളവ്- ആവശ്യാനുസരണം

### ഭൂപടം ഒരുക്കാം

കേരള-ഇന്ത്യ , ഭൂപട വായന , സൂചിക പരിചയപ്പെടൽ

വർഷത്തിലൊരിക്കൽ

### ശാസ്ത്രോത്സവം

ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രയോഗം

പ്രദർശനം - വർഷത്തിലൊരിക്കൽ

### ശാസ്ത്രമാസിക

ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ രചന .

നിർമ്മാണം - ശാസ്ത്രമാസിക -വർഷത്തിൽ ഒന്ന്

### ശാസ്ത്രമൂല

ശാസ്ത്ര പഠനം ലളിതവും രസകരവുമാക്കൽ

സാമഗ്രികൾ ഒരുക്കൽ - പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ .

വർഷം മുഴുവൻ

### ശാസ്ത്രവിസ്മയ ചുമർ

ശാസത്ര പഠനം രസകരമ്മാക്കൽ

പ്രദർശനം

ആവശ്യാനുസരണം

## ഗണിതം IV

### ഗണിത പഠനം രസകരമാക്കാം

വിവിധ കളികളിലൂടെ ഗണിതത്തിൽ താല്പര്യം വളർത്തിയെടുത്ത്; ഗണിതത്തിൽ കൂടുതൽ കാര്യങ്ങൾ ഉൾകൊള്ളാൻ വേണ്ടിയുള്ള പ്രവർത്തങ്ങൾ. ഏറ്റവും ലളിതമായ രീതിയിൽ ആവിഷ്കരിച്ച്; ചതുഷ് ക്രിയകൾ എറ്റവും ലളിതമായ മാർഗ്ഗങ്ങളിലൂടെ ചെയ്ത് പഠിക്കാനും അവസരം ഒരുക്കുന്നു.

പിന്നോക്കകാരുടെ പ്രയാസങ്ങൾ ഉൾക്കൊണ്ട് അവർക്ക് ഏതൊക്കെ മേഖലകളിൽ കുറവുണ്ട് അത് നികത്തി എടുക്കുന്ന പ്രവർത്തങ്ങൾ ആസൂത്രണം ചെയ്ത് അവരെ മുന്നിലേക്ക് എത്തിക്കുകയും ഗണിതത്തിൽ കൂടുതൽ താല്പര്യം വളർത്തി എടുക്കാനും സാഹചര്യം ഒരുക്കുന്നു.

## സാമൂഹികശാസ്ത്രം

### ജനാധിപത്യബോധം

ഒരു ജനാധിപത്യ രാജ്യത്തെ ഭരണരീതിയെപ്പറ്റിയും അവകാശങ്ങളെപ്പറ്റിയും അനുഭാത്മക പഠനരീതിയിലൂടെ വിദ്യാർത്ഥികളിൽ എത്തിക്കുക എന്ന ലക്ഷ്യത്തോടെ ആശയംനടപ്പിലാക്കുന്നു .

**രീതികൾ :**

*സ്കൂൾ പാർലിമെന്ററി ഇലക്ഷൻ (ക്ലാസ് ലീഡർ, സ്കൂൾലീഡർ , മറ്റുചുമതലകൾ വഹിക്കുന്ന ലീഡർമാരെയും കണ്ടെത്തുന്നു )

*വാർഡ്മെമ്പറുമായി നേരിട്ട് സംവാദം (വിഷയം :താഴെ തട്ടിലെ ഭരണവ്യവസ്ഥ രീതികൾ )

*ഗ്രാമസഭകളിൽ / വാർഡ്സഭകളിൽ രക്ഷിതാക്കളുമൊത്തു പങ്കെടുക്കൽ .

*പഞ്ചായത്ത് ഓഫീസ് , ബ്ലോക്ക് ഓഫീസ് സന്ദർശനം (ഭരണ വ്യവസ്ഥ പ്രക്രിയകൾ നേരിട്ട് കണ്ടും ചോദിച്ചും അറിയൽ )

*സംസ്ഥാന നിയമസഭാ മന്ദിരം പരിചയപ്പെടൽ
(കേരള നിയമനിർമാണ സഭ -രീതികളും പ്രവർത്തനങ്ങളും )

## UP ഗണിതം

### ഗണിതമൂല

ഗണിത പഠന പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിനും സംശയദൂരീകരണത്തിനും ഗണിത വിഷയത്തിൽ പിന്നോക്കം നിൽക്കുന്നവർക്കും വേണ്ടി സജ്ജീകരിക്കുന്നതാണ് ഗണിതമൂല. മലയാളംമീഡിയം ബ്ലോക്കിലെ അഞ്ച് ആറ് ക്ലാസ്സുകളിലെ വരാന്തയിലും ഇംഗ്ലീഷ് മീഡിയം ബ്ലോക്കിലെ വരാന്തയിലുമായാണ് ഗണിതമൂല സജ്ജീകരിക്കുന്നത്. ഒഴിവുസമയങ്ങളിലും ലഞ്ച് ബ്രേക്ക് സമയങ്ങളിലും ഗണിതമൂല സജീവമായി പ്രവർത്തിക്കുന്നു .

### ഗണിത ക്ലിനിക്

ഗണിത വിഷയത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി ഗ്രൂപ്പ് ആക്കി തിരിച്ച് പിയർഗ്രൂപ്പിന്റെ സഹായത്തോടെ ഗണിതം എളുപ്പമാക്കി മാറ്റുക എന്നതാണ് ഉദ്ദേശ്യം .രണ്ടാഴ്ചകൂടുമ്പോൾ കുട്ടികളുടെ പുരോഗതി വിലയിരുത്താനുള്ള പ്രവർത്തനങ്ങൾ നടത്തുന്നു. ഇതിനുവേണ്ടി പ്രീ ടെസ്റ്റ് നടത്തുകയും കൂടുതൽപുരോഗതി കൈവരിക്കുന്ന ഗ്രൂപ്പുകൾക്ക് സമ്മാനങ്ങൾ നൽകുകയും ചെയ്യ്ത് മികച്ച പിന്തുണ നൽകുന്നു .

## UP ഹിന്ദി

I . CWSN-SLOW Leaners കുട്ടികൾക്കായി പ്രത്യേകം പസിലുകൾ ഐ സി ടി മുഖാന്തിരം പല വർണ്ണങ്ങളിൽ ആകർഷകമായി അക്ഷരമാല അവതരണം .

II . പാഠഭാഗവുമായി ബന്ധപ്പെട്ട് ഓഡിയോ കേൾപ്പിക്കുക.
ഹിന്ദിയിൽ സംസാരിക്കാൻ പ്രോത്സാഹിപ്പിക്കുക.

III . വായനാദിനം ഹിന്ദി ക്ലബ് രൂപീകരണം.

IV. പ്രേംചന്ദ് ജയന്തി ജൂലൈ 31 (പ്രേംചന്ദിനെ കുറിച്ച് അറിയാനും ഹിന്ദി ഭാഷയിൽ രചനകൾ സൃഷ്ടിക്കാൻ തത്പരരാകുക .)

V . ഗാന്ധി ജയന്തി ഒക്ടോബർ 2

VI. വിശ്വഹിന്ദി ദിനം , പോസ്റ്റർ നിർമ്മാണം ,പ്രസംഗം ഹിന്ദി ഭാഷയിൽ വാക്ചാതുരി ലഭിക്കുന്നു .

## സംസ്കൃതം

| ലക്ഷ്യം | പ്രവർത്തങ്ങൾ | കാലയളവ് | പഠനോപകരണം | ചുമതല |
|---|---|---|---|---|
| 1. 5,6,7 ക്ലാസ്സുകളിൽ പരിചിതമായ ചിത്രങ്ങളും വസ്തുക്കളുംപ്രദർശിപ്പിച്ച് അക്ഷരജ്ഞാനവും നാമപദങ്ങളും ഉറപ്പിക്കൽ | * ചിത്ര പ്രദർശനം<br>* വസ്തു പ്രദർശനം | 1 മാസം | വസ്തുക്കൾ ചിത്രങ്ങൾ | അദ്ധ്യാപകർ കുട്ടികൾ |
| 2. സംസ്കൃത സംഭാഷണ ശിബിരം ഭാഷാശേഷി വർദ്ധിപ്പിക്കുക | * സംഭാഷണം മെച്ചപ്പെടുത്തൽ<br>* ചോദ്യോത്തര മത്സരം<br>* നാടകാവതരണം | 2 മാസം | | |

## UP ഉർദു

| നമ്പർ | പ്രവർത്തനം | ഘട്ടം | കാലയളവ് |
|---|---|---|---|
| 1 | പഠേം ആഗെ ബഢേം ഉർദു വായന | ക്വിസ്<br>വായനക്കാർഡുകൾ<br>വായന മത്സരം | വിവിധദിനാചരണങ്ങളിൽ |
| 2 | മേരേ അൽഫാസ് ഉർദു കൈയ്യെഴുത്ത് മാഗസിൻ | കുട്ടികളുടെ സർഗാത്മകത | ടേം ൽ 1 വീതം |
| 3 | ഉർദു ദിനം | ടാലന്റ് മീറ്റ് -എന്റെ പതിപ്പ് | അതാത് ദിനങ്ങളിൽ |
| 4 | ദിനാചരണങ്ങൾ | ദിനാചരണ പരിപാടികൾ സംഘടിപ്പിക്കൽ ,പോസ്റ്റർ | ഉറുദു ക്ലബ് |

## UP സയൻസ്

### പ്രവർത്തനങ്ങൾ

1 . **Expo-Explore**

ആധുനിക ശാസ്ത്രലോകത്തിന്റെ കണ്ടെത്തലുകൾ ഉൾപ്പെടുത്തി ശാസ്ത്രോത്സവം സംഘടിപ്പിക്കുന്നു. കുട്ടികളിൽ ശാസ്ത്ര അവബോധം വർധിപ്പിക്കുന്നതിനായി ക്ലാസ്സുകളിൽ ശാസ്ത്ര മാസികകൾ ഉൾക്കൊള്ളിച്ച് ശാസ്ത്രലൈബ്രറി.

2. **കണ്ടറിയാനൊരു യാത്ര**

വംശനാശ ഭീഷണി നേരിടുന്ന സസ്യങ്ങളെ കണ്ടെത്തൽ , കാവുകൾ സന്ദർശനം , പുഴയെ അറിയാൻ , നക്ഷത്രങ്ങൾ , ആകാശ ഗോളങ്ങൾ എന്നിവയുടെ വിസ്മയം തേടി- പ്ലാനറ്റേറിയം യാത്ര.

## UP മലയാളം

**പ്രവർത്തനം**

1. കുട്ടികളിൽ അർത്ഥപൂർണ്ണമായ വായന ഉറപ്പുവരുത്തുവാൻ വേണ്ടി ദിവസവും ക്ലാസിൽ പത്രവായന നടത്തുക . മാസാവസാനം -പത്രക്വിസ് നടത്താൻ തീരുമാനിച്ചു
2. പുസ്തകപരിചയം -ആഴ്ചയിൽ ഒരിക്കൽ വായിച്ച ഒരു പുസ്തകത്തെ പരിചയപ്പെടുത്തുക .

## UP ENGLISH

1) . English Fest on August , including Vocabulary games, exhibition fun activities ......etc.
Vocabulary games and activities . ~~are deciding to do with the help of an outside facility.~~
Exhibition based on the collection of books and students creative writings.

2) Film Fest ~~on~~ in November
Includes mainly, some interesting cartoon films in English .